


# പ്ലാച്ചിമട കൊക്കകോള കമ്പനിയിലെ ഖരമാലിന്യപ്രശ്നം പ്രധാന സംഭവങ്ങൾ

**2000 മാർച്ച്** - കൊക്കകോള കമ്പനിയുടെ ബോട്ടിലിങ്ങ് പ്ലാന്റ് പ്ലാച്ചിമടയിൽ പ്രവർത്തനമാരംഭിച്ചു.

**2002 ഏപ്രിൽ 22** - കമ്പനിമൂലം പ്രദേശത്ത് ജലശോഷണവും ജലമലിനീകരണവും ഉണ്ടാകുന്നുവെന്നാരോപിച്ച് പ്ലാച്ചിമട സമരം ആരംഭിച്ചു.

**2003 ജൂലൈ 25** - പ്ലാച്ചിമട കൊക്കകോള കമ്പനിയിൽനിന്ന് വളമായി വിതരണം ചെയ്ത ഖരമാലിന്യത്തിൽ വളമായി ഉപയോഗിക്കാവുന്ന രാസമൂല്യമില്ലെന്നും കാഡ്മിയം പോലുള്ള വിഷപദാർത്ഥങ്ങളുണ്ടെന്നും ബി.ബി.സി. റേഡിയോ-4 'ഫെയ്സ് ദി ഫാക്ടസ്' എന്ന പരിപാടിയിൽ പ്രക്ഷേപണം ചെയ്തു. പ്ലാച്ചിമടയിലെ വിജയനഗർ കോളനിയിലെ പഞ്ചായത്ത് കിണറിൽ ലെഡ് പോലുള്ള വിഷപദാർത്ഥങ്ങളുണ്ടെന്നും ബി.ബി.സി. പ്രക്ഷേപണത്തിൽ പറഞ്ഞു.

**2003 ആഗസ്റ്റ് 7** - പ്ലാച്ചിമട കൊക്കകോള കമ്പനിയിലെ ഖരമാലിന്യത്തിൽ അനുവദനീയ പരിധിയിലധികം ഘനലോഹങ്ങളുണ്ടെന്ന് കേരള മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധനയിൽ കണ്ടെത്തുകയും കമ്പനിക്ക് നോട്ടീസ് അയയ്ക്കുകയും ചെയ്യുന്നു.

**2003 ആഗസ്റ്റ്** - കർഷകർക്ക് വിതരണം ചെയ്ത ഖരമാലിന്യം നാല് കർഷകരിൽനിന്ന് കോക്കകോള കമ്പനി തിരിച്ചെടുക്കുന്നു.

ഡൽഹിയിലെ സി.എസ്.ഇ. റിപ്പോർട്ടിനെ തുടർന്ന് ലഘുപാനീയങ്ങളിലെ കീടനാശിനികളെക്കുറിച്ചും സുരക്ഷിതത്വ സ്റ്റാൻഡേർഡ് നിർണ്ണയത്തിനും സംയുക്ത പാർലിമെന്റ് കമ്മിറ്റി (ജെ.പി.സി.) രൂപീകരിക്കപ്പെടുന്നു. ജെ.പി.സി ക്ക് പ്ലാച്ചിമട പ്രശ്നത്തെക്കുറിച്ചും പരാതികൾ ലഭിക്കുന്നു.

**2003 സെപ്തംബർ 29** - പ്ലാച്ചിമട കോക്കകോള കമ്പനിയിലെ ഖരമാലിന്യങ്ങളിലെ വിഷപദാർത്ഥങ്ങൾ അനുവദനീയമായ പരിധിയിലാണെന്ന് കേരള മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി പത്രപ്രസ്താവന നടത്തുന്നു.

**2003 ഒക്ടോബർ 28** - പ്ലാച്ചിമട കോക്കകോള കമ്പനിക്ക് സമീപത്തുള്ള വിജയനഗർ കോളനിയിലെ പഞ്ചായത്ത് കിണർ മലിനീകരിക്കപ്പെട്ടിട്ടുണ്ടെന്ന് കേരള മലിനീകരണ നിയന്ത്രണ ബോർഡ് നോട്ടിഫൈ ചെയ്യുന്നു.

**2003 നവംബർ** - പ്ലാച്ചിമട കൊക്കകോള കമ്പനിയിലെ ഖരമാലിന്യങ്ങളിൽ ഉയർന്ന അളവിലുള്ള വിഷപദാർത്ഥങ്ങളുണ്ടെന്ന് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ റിപ്പോർട്ട് പുറത്തിറങ്ങുന്നു.

**2003 ഡിസംബർ 27** - തിരുവനന്തപുരത്ത് യുവജനതാദൾ പ്രവർത്തകർ കേരള മലിനീകരണ നിയന്ത്രണ ബോർഡ് ഓഫീസിൽ വച്ച് മെമ്പർ സെക്രട്ടറിയുടെ തലയിൽ കോളയൊഴിച്ച് പ്രതിഷേധിക്കുന്നു.

**2004 ഫെബ്രുവരി 4** - പ്ലാച്ചിമട കൊക്കകോള കമ്പനിയിലെ ഖരമാലിന്യപ്രശ്നം അപകടകരമായ മാലിന്യം കൈകാര്യം ചെയ്യുന്ന നിയമ നിർവഹണത്തെ സംബന്ധിച്ച സുപ്രീം കോടതി മോണിറ്ററിംഗ് കമ്മിറ്റിയുടെ പരിധിയിൽ ഉൾപ്പെടുത്തുവാൻ ജെ.പി.സി. നിർദ്ദേശിക്കുന്നു.

**2004 ഫെബ്രുവരി 23** - അപകടകരമായ മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നിയമപ്രകാരം ഖരമാലിന്യ നിർമാർജ്ജന സംവിധാനമില്ലാത്തതിന് പ്ലാച്ചിമട കൊക്കകോള കമ്പനിയുടെ ഓഥറൈസേഷൻ കേരള മലിനീകരണ നിയന്ത്രണ ബോർഡ് നിരാകരിക്കുന്നു.

**2004 ഏപ്രിൽ** - പ്ലാച്ചിമട കൊക്കകോള കമ്പനി പരിസരത്തെ കുട്ടികളുടെ ഭാരക്കുറവ് ഘനലോഹ മലിനീകരണവുമായി ബന്ധപ്പെട്ടതാകാമെന്ന് വി.ടി. പത്മനാഭന്റെ പഠന റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുന്നു.

**2004 ആഗസ്റ്റ് 14** - ജെ.പി.സി. നിർദ്ദേശിച്ച പ്രകാരം അപകടകരമായ മാലിന്യത്തെ സംബന്ധിച്ച സുപ്രീം കോടതി മോണിറ്ററിംഗ് കമ്മിറ്റി പ്ലാച്ചിമട സന്ദർശിക്കുന്നു.

**2004 ആഗസ്റ്റ് 23** - സുപ്രീം കോടതി മോണിറ്ററിംഗ് കമ്മിറ്റി നിർദ്ദേശപ്രകാരം പ്ലാച്ചിമട കോള കമ്പനി മൂലം പരിസരമലിനീകരണമുണ്ടായിട്ടുണ്ടെന്നും ഇതിനുള്ള ശിക്ഷയായി കമ്പനി മലിനീകരണ ബാധിതരായ താമസക്കാർക്ക് വീടുകളിൽ പൈപ്പ് വഴി കുടിവെള്ളം നൽകണമെന്നും കേരള മലിനീകരണ നിയന്ത്രണബോർഡ് കൊക്കകോള കമ്പനിക്ക് കത്ത് നൽകുന്നു.

**2004 ഒക്ടോബർ 29** - സുപ്രീം കോടതി മോണിറ്ററിംഗ് കമ്മിറ്റി നിർദ്ദേശപ്രകാരം കൊക്കകോള കമ്പനിയിലെ ഖരമാലിന്യം കൊണ്ട് കുടിവെള്ളം നഷ്ടമായവർക്ക് വീട്ടിനകത്ത് പൈപ്പിൽ കുടിവെള്ളമെത്തിക്കുന്നതിന്റെ നിർവ്വഹണ പ്രവർത്തനങ്ങൾ നടത്തുന്നതിനും കൃഷിയിടങ്ങളിൽ ഖരമാലിന്യം നിക്ഷേപിച്ചത് തിരിച്ചെടുത്തുവെന്ന് ഉറപ്പുവരുത്തുവാനും കമ്പനിയുടെ പരിസ്ഥിതി ഓഡിറ്റിങ്ങ് നടത്തുന്നതിനും കേരള മലിനീകരണ നിയന്ത്രണ ബോർഡ് പ്രാദേശിക പരിസ്ഥിതി കമ്മിറ്റി രൂപീകരിക്കുന്നു. വിളയോടി വേണുഗോപാൽ, അഡ്വ. പി.എ. പൗരൻ എന്നിവരെ ജനങ്ങളുടെ പ്രതിനിധികളായി കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്നു.

**2004 നവംബർ 20** - പ്ലാച്ചിമടയിലെ പരിസരമലിനീകരണം കമ്പനിമൂലമാണെന്നതിന് ശാസ്ത്രീയ തെളിവുകളില്ലെന്നും തങ്ങൾ മലിനീകരണം നടത്തിയിട്ടില്ലാത്തതുകൊണ്ട് കുടിവെള്ളം കൊടുക്കുവാൻ സാദ്ധ്യമല്ലെന്നും അറിയിച്ചുകൊണ്ട് കമ്പനി സുപ്രീം കോടതി മോണിറ്ററിങ്ങ് കമ്മിറ്റിക്ക് കത്ത് നൽകുന്നു.

**2005 ഏപ്രിൽ 7** - പ്ലാച്ചിമടയിലെ കോക്കകോളയ്ക്ക് ദിവസം 5 ലക്ഷം ലിറ്റർ വെള്ളം വീതം എടുക്കുവാൻ അനുവദിച്ചുകൊണ്ട് പെരുമാട്ടി പഞ്ചായത്ത് കമ്പനിക്ക് ലൈസൻസ് നൽകുവാൻ ഉത്തരവിട്ടുകൊണ്ട് കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ച് പെരുമാട്ടി പഞ്ചായത്ത്-കോക്കകോള കേസിൽ വിധി പ്രസ്താവിക്കുന്നു.

**2005 മെയ് 7** - കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിക്ക് പ്ലാച്ചിമട കോക്കകോള കമ്പനി അയച്ച അപേക്ഷയിൽ അപാകതകളുണ്ടെന്നും കമ്പനിമൂലം പരിസരത്തെ കിണറുകളിൽ ഘനലോഹ മലിനീകരണമുണ്ടായിട്ടുണ്ടെന്നും അറിയിച്ചുകൊണ്ട് ബോർഡ് കമ്പനിക്ക് കത്തയയ്ക്കുന്നു.

**2005 ജൂൺ 1** - കേരള ഹൈക്കോടതി വിധിപ്രകാരം പെരുമാട്ടി പഞ്ചായത്ത് കമ്പനിക്ക് ലൈസൻസ് നൽകാത്തതുകൊണ്ടുള്ള കമ്പനിയുടെ അപ്പീലിൽ പത്ത് ദിവസത്തിനകം പഞ്ചായത്ത് കമ്പനിക്ക് ലൈസൻസ് നൽകിയില്ലെങ്കിൽ ലൈസൻസ് ലഭിച്ചതായികരുതി കമ്പനിയോട് പ്രവർത്തിച്ചുകൊള്ളുവാൻ അനുവദിച്ചുകൊണ്ട് ഹൈക്കോടതി ഡിവിഷൻ ബഞ്ച് ഉത്തരവിടുന്നു.

**2005 ജൂൺ 6** - ചില നിബന്ധനകൾ വച്ചുകൊണ്ട് പെരുമാട്ടി പഞ്ചായത്ത് കമ്പനിക്ക് മൂന്ന് മാസത്തേക്ക് ലൈസൻസ് നൽകുന്നു. മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി 2005 ആഗസ്റ്റിനുള്ളിൽ ലഭിച്ചിരിക്കണമെന് നിബന്ധനകളിൽ പറയുന്നു.

**2005 ജൂലൈ 1** - കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിക്കായി സമർപ്പിച്ച അപേക്ഷയിലെ അപാകതകൾ പരിഹരിക്കുകയും നിർദ്ദേശിച്ച പ്രകാരമുള്ള മലിനീകരണ നിർമാർജ്ജന സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യാത്തതുകൊണ്ട് അനുമതി നൽകാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ബോർഡ് കമ്പനിക്ക് കാരണം കാണിക്കൽ നോട്ടീസ് അയയ്ക്കുന്നു.